ഉത്തരം

(എ) ഉണ്ട്.

(ബി&സി) നിവേദനത്തിലെ ആവശ്യം പരിശോധിച്ചുവരികയാണ്.

ഉപ്പള പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി

94 (95) ശ്രീ. ചെർക്കളം അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉപ്പള പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നത് സംബന്ധിച്ച് എന്തു നടപടി സ്വീകരിച്ചു ;

(ബി) ഈ വർഷം സംസ്ഥാനത്ത് എത്ര പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാനുദ്ദേശിക്കുന്നു ;

(സി) എവിടെയൊക്കെ എന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ-സി) സംസ്ഥാനത്ത് പുതിയതായി പോലീസ് സ്റ്റേഷനുകൾ തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥലങ്ങളുടെ മുൻഗണനാലിസ്റ്റ് സർക്കാർ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ലിസ്റ്റിൽ 'ഉപ്പള' 44-ാമതായി ചേർത്തിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്†. പോലീസ് ഡയറക്ടർ ജനറലിൽ നിന്നും മുൻഗണനാക്രമത്തിൽ നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ കൈകൊള്ളുന്നതാണ്.

കൊല്ലം എസ്.എൻ. കോളേജ് സംഘട്ടനത്തിൽ പരിക്കേറ്റ പോലീസുകാർ

95 (96) ശ്രീ. ഉമ്മൻചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 17-1-2000 തിങ്കളാഴ്ച കൊല്ലം എസ്.എൻ. കോളേജിൽ ഉണ്ടായ സംഘട്ടനത്തിലും കല്ലേറിലും എത്ര പോലീസുകാർക്കു പരിക്കുപറ്റി ;

(ബി) അവർ ആരൊക്കെ എന്ന് വ്യക്തമാക്കാമോ ;

(സി) കോളേജിന് എന്തെങ്കിലും നാശനഷ്ടം സംഭവിച്ചിട്ടുണ്ടോ ; എങ്കിൽ എത്രമാത്രം ;

(ഡി) ഇതിനോട് അനുബന്ധിച്ച് എത്രപേരെ അറസ്റ്റു ചെയ്തു എന്നും അവർ ആരൊക്കയാണെന്നും അവർ ഏതു സംഘടനകളിൽപ്പെട്ടവരാണെന്നും വെളിപ്പെടുത്തുമോ ;

(ഇ) ഇവർക്ക് എതിരെ ഏതെല്ലാം വകുപ്പിലാണ് കേസ് എടുത്തത് ;

---

† അനുബന്ധം XXI

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) 17-1-2000-ത്തിൽ ഹൈക്കോടതി വിധി ലംഘിക്കുകയും പോലീസിനെ ആക്രമിച്ച് പരിക്കേൽപ്പിക്കുകയും ചെയ്തിട്ടുണ്ടോ ; പ്രതികൾക്കെതിരെ ലഘുവായ കുറ്റങ്ങൾക്ക് കേസ് എടുത്ത് പോലീസ് ജാമ്യത്തിൽ വിടാനായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ ഇതിനെതിരെ എന്തു നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) എച്ച്. സി-3618, 4538, പി.സി. 3311, 4875, എ.ആർ.എച്ച്.സി. 4383 എസ്.എ.പി.പി.സി. 8132, 8076, 8051, 8060, 8030, 8068 എന്നീ 11 പോലീസുകാർക്ക് പരിക്കുപറ്റി.

(സി) ഇല്ല.

(ഡി) 17-1-2000-ലെ സംഭവത്തോടനുബന്ധിച്ച് ഗോപുകൃഷ്ണൻ, മുരളീധരൻപിള്ള സുചിമോൻ, സന്തോഷ് കുമാർ രാജേഷ് ബാബു, ഇല്ലിയാസ്, ശ്രീജിത്ത്, രാജേഷ്, വിനോദ്, സന്തോഷ് എന്നീ 10 എസ്.എഫ്.ഐ.ക്കാരെ അറസ്റ്റുചെയ്തിട്ടുണ്ട്.

(ഇ-ജി) ഐ.പി.സി 143, 147, 148, 332, 353, 323, 324, 149, 158 എന്നീ വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്. ജാമ്യമനുവദിക്കുന്നത് സംബന്ധിച്ച് നിയമാനുസൃത നടപടിയാണ് പോലീസ് എടുത്തിട്ടുള്ളത്.

പോലീസുകാരുടെ നിയമനം

96 (97) ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതുതായി എത്ര പോലീസുകാരെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതിൽ വനിതാ പോലീസുകാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

(സി) ഈ നിയമന നടപടികൾ ഏതുവരെയായെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) 31-12-1999 വരെ 1066 പോലീസുകാരുടെ ഒഴിവുകളുള്ളതായി പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 902 വനിതാപോലീസുകാരുടെ ഒഴിവുകളും പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നും ശുപാർശ ചെയ്യുന്ന മുറയ്ക്ക് പോലീസുകാരെ നിയമിച്ചുവരുന്നു. വനിതാപോലീസുകാരുടെ തെരഞ്ഞെടുപ്പ് നടപടികൾ പബ്ലിക് സർവ്വീസ് കമ്മീഷൻ എടുത്തുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly